**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ആന്തൂർ നഗരസഭയിൽ കാന്തൂർ ദേശത്തിലെ ഓഡിറ്റോറിയത്തിന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട ക്രമക്കേട് - അസി.എഞ്ചിനീയറെയും ഓവർസീയർമാരെയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.1265/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.06.2019

---

**<u>ഉത്തരവ്</u>**

ആന്തൂർ നഗരസഭയിൽ കാന്തൂർ ദേശത്തിലെ ഓഡിറ്റോറിയത്തിന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ചില അനിഷ്ട സംഭവങ്ങൾ ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ സർക്കാർ പ്രാഥമിക അന്വേഷണം നടത്തിയപ്പോൾ, റീജണൽ ടൗൺ പ്ലാനറുടെ പരിശോധനയിൽ ചില വ്യതിയാനങ്ങളോടുകൂടി ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകാൻ കഴിയും എന്നറിയിച്ചിട്ടും എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസി.എഞ്ചിനീയറായ ശ്രീ. കലേഷ്.കെ, ഓവർസീയർമാരായ ശ്രീ. അഗസ്റ്റിൻ. ടി.എ, ശ്രീ. സുധീർ. ബി എന്നിവർ അടിസ്ഥാനരഹിതമായി മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ വ്യാഖ്യാനിച്ച് പലപ്പോഴായി നോട്ടീസ് നൽകുകയും, കൃത്യമായി റിപ്പോർട്ട് ചെയ്യാതെയും ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നിഷേധിച്ചിട്ടുള്ളതായി കണ്ടെത്തി. ഈ പ്രവൃത്തി ടി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവുമാണെന്ന് സർക്കാർ കാണുന്നു. ആയതിനാൽ ഇവരെ 1960 ലെ കെ.സി.എസ് (സി.സി.എ) റൂൾസിലെ ചട്ടം 10 (1) (എ) പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ഇവർക്ക് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ. ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1 ബന്ധപ്പെട്ട ജീവനക്കാർക്ക് (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 സെക്രട്ടറി, ആന്തൂർ നഗരസഭ, കണ്ണൂർ
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

അസി. സെക്ഷൻ ഓഫീസർ